**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4120** **28-06-2024 - ൽ മറുപടിയ്ക്ക്**

**വനിതാ സംരക്ഷണത്തിനായി നൂതന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വനിതാ സംരക്ഷണം ലക്ഷ്യമിട്ട് തപാൽ വകുപ്പുമായി ചേർന്ന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | (എ) | (എ) ഗാർഹിക പീഡനത്തിൽ നിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിത ശിശു വികസന വകുപ്പും സഹകരിച്ചു ആരംഭിച്ച പദ്ധതിയാണ് രക്ഷാദൂത്. ''ഗാർഹിക പീഡനത്തിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമം 2005'' ഫലപ്രദമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അതിക്രമങ്ങളിൽപ്പെടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പരാതി സമർപ്പിക്കുന്നതിനായി തപാൽ വകുപ്പ് വനിത ശിശു വികസന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്.<br>അതിക്രമത്തിനിരയായ വ്യക്തിയോ, അവരുടെ പ്രതിനിധിയോ പോസ്റ്റ് ഓഫീസിൽ എത്തി "തപാൽ" എന്ന കോഡ് പറയുകയും അവർക്ക് പോസ്റ്റ് മാസ്റ്റർ/ മിസ്ട്രസിന്റെ സഹായത്തോടുകൂടി ഒരു സീൽ ചെയ്ത പേപ്പറിൽ പരാതി സ്വന്തം മേൽവിലാസമെഴുതി ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. അല്ലാത്തപക്ഷം പീഡനം അനുഭവിക്കുന്ന സ്ത്രീയോ/ കുട്ടിയോ അവരുടെ അടുത്തുള്ള ലെറ്റർ ബോക്സിൽ സീൽ ചെയ്ത് വെള്ള പേപ്പറിൽ സ്വന്തം മേൽവിലാസമെഴുതി നിക്ഷേപിക്കാവുന്നതുമാണ്. പോസ്റ്റേജ് സ്റ്റാമ്പിന്റെ ആവശ്യം ഇല്ല. ടി തുക വനിതശിശു വികസന വകുപ്പ് തപാൽ വകുപ്പിന് നല്കുന്നതാണ്. ഈ പരാതികൾ പോസ്റ്റ് മാസ്റ്റർ സ്വീകരിച്ച് പീഡനം നേരിട്ട സ്ത്രീ/ കുട്ടിയുടെ പൂർണ്ണമായ മേൽവിലാസത്തോടെ വനിത ശിശു വികസന വകുപ്പിന്റെ ഇ-മെയിലിൽ കൈമാറുന്നതാണ്. ഈ പരാതികൾ വകുപ്പിലെ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത പദ്ധതിക്കായി 2,00,000/-രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | സ്ത്രീ സുരക്ഷയ്ക്കായി കോൾ സെന്റർ സംവിധാനം നിലവിലുണ്ടോ; എങ്കിൽ ഇതിലൂടെ ലഭ്യമാകുന്ന | (ബി) | (ബി) സ്ത്രീ സുരക്ഷയ്ക്കായി 100 % കേന്ദ്രാവിഷ്കൃത പദ്ധതിയായ 181 Women Helpline പദ്ധതി നടപ്പിലാക്കി വരുന്നു. കേരളത്തിലെ വനിതകൾക്ക് |

| | | | |
|---|---|---|---|
| | സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | | 181 എന്ന ഏക ടോൾ ഫ്രീ നമ്പരിലൂടെ എല്ലാ മേഖലകളിലെയും വിവര അന്വേഷണവും, അത്യാവശ്യ സേവനങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ, കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടു കൂടി, ഇരുപത്തിനാല് മണിക്കൂറും സേവനം ലഭ്യമാകുന്ന എമർജൻസി ഹെൽപ്പ് ലൈൻ സംവിധാനം നടത്തി വരുന്നു. സ്ത്രീകൾക്ക് ഏത് അത്യാവശ്യ ഘട്ടത്തിലും സഹായം അഭ്യർത്ഥിക്കാനും, നിമിഷങ്ങൾക്കുള്ളിൽ തന്നെ പരിഹാരം കാണാനും ഇതിലൂടെ സൗകര്യം ഒരുക്കിയിരുന്നു. 181 എന്ന ടോൾ ഫ്രീ നമ്പറിലേക്ക് വിളിക്കുന്നതിലൂടെ സ്ഥലത്തെ പ്രധാന ഹോസ്പിറ്റൽ, പോലീസ് സ്റ്റേഷൻ, ആംബുലൻസ് സർവ്വീസ് എന്നിവയുടെ സേവനങ്ങൾ ദ്രുതഗതിയിൽ ലഭ്യമാക്കുന്നതാണ്. കൂടാതെ, വിവിധ സർക്കാർ, സർക്കാരേതര സ്ഥാപനങ്ങളുടെ സേവനങ്ങളെപ്പറ്റി അറിയുന്നതിനും 181 ൽ സൗകര്യമുണ്ട്. പ്രതിദിനം 400 മുതൽ 450 വരെ കോളുകൾ വിവിധ സേവനങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് ലഭിക്കുന്നുണ്ട്. 2017 ൽ പ്രവർത്തനം ആരംഭിച്ച് നാളിതുവരെ 3 ലക്ഷത്തിലധികം കോളുകൾ ഹെൽപ്പ് ലൈനിൽ സ്വീകരിക്കപ്പെടുകയും 2.5 ലക്ഷത്തിലധികം കോളുകൾ ഫലപ്രാപ്തിയിൽ എത്തിക്കുകയും ചെയ്തു. 181 Women Helpline പദ്ധതി പ്രകാരം ചുവടെ ചേർക്കുന്ന സേവനങ്ങൾ ഗുണഭോക്താവിന് ലഭ്യമാകുന്നു.<br><br>1. Legal Counseling<br>2. Psychological Counseling<br>3. Psychiatric Counseling<br>4. Family Counseling<br>5. Academic Counseling<br>6. Adolescent Counseling<br>7. De addiction Counseling<br>8. Emergency/ Rescue Non Medical service<br>9. Emergency Medical service<br>10. Non Emergency service |
| (സി) | ജെൻഡർ ഹെൽപ് ഡെസ്കുകളുടെയും സർവീസ് പ്രൊവൈഡിംഗ് സെന്ററുകളുടെയും പ്രവർത്തനരീതി വ്യക്തമാക്കാമോ; | (സി) | (സി) വനിതശിശു വികസന വകുപ്പ് മുഖേന സർവീസ് പ്രൊവൈഡിംഗ് സെന്ററുകളാണ് നടപ്പിലാക്കുന്നത്. ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്കും |

| | | | |
|---|---|---|---|
| | | | കുട്ടികൾക്കും സൗജന്യ നിയമസഹായം, വൈദ്യസഹായം, വൊക്കേഷണൽ ട്രയിനിംഗ്, ഷെൽട്ടർ ഹോമുകളിലേയ്ക്കുള്ള റഫറൻസ്, പോലീസിന്റെ സഹായം, ഗാർഹിക പീഡന നിയമത്തെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസുകൾ, കൗൺസിലിംഗ് എന്നിവ നല്കുന്നതിന് കേരളത്തിലെ 14 ജില്ലകളിലായി നിലവിൽ 83 സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. |
| (ഡി) | ജെൻഡർ പാർക്കുകളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി ഐക്യരാഷ്ട്രസഭയുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | (ഡി)ജൻഡർ പാർക്കിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2020 ഡിസംബർ 21 ന് ജൻഡർ പാർക്കും യു എൻ വിമനും തമ്മിൽ ധാരണ പത്രം ഒപ്പ് വയ്ക്കുകയുണ്ടായി. ധാരണ പത്രത്തിന്റെ കാലാവധി 2022 ഡിസംബർ 21 ന് അവസാനിക്കുകയും ആയത് രണ്ട് വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ